# വി.കെ.ഫ്രാൻസിസ് : മതികെട്ടാനിന്റെ ഇര

പ്രത്യേക ലേഖകൻ

മതികെട്ടാനിലെ വനം കൈയേറ്റം പുറംലോകത്തെ അറിയിക്കുകയും ചെറുക്കാൻ നടപടി സ്വീകരിക്കുകയും ചെയ്ത ഉദ്യോഗസ്ഥർ ഇന്നും പീഡനപർവത്തിലാണ് അതിൽ പ്രധാനിയാണ് സസ്പെൻഷനിലുള്ള ദേവീക്കുളം റേഞ്ച് ഓഫീസർ വ. കെ. ഫ്രാൻസിസ്.

വനംകൈയേറ്റം ഒച്ചപ്പാടായപ്പോൾ പല കോണിൽ നിന്നും പ്രതിഷേധം ഉയർന്നെങ്കിലും മതികെട്ടാന്റെ ബാക്കിപത്രം ഇന്നും കൈയേറ്റക്കാർക്ക് അനുകൂലമാണ്. കൈയേറ്റം നടക്കുന്ന കാര്യം പുറംലോകത്തെ അറിയിക്കുകയും ചെറുക്കാൻ നടപടികൾ സ്വീകരിക്കുകയും ചെയ്ത ഉദ്യോഗസ്ഥർ ഇന്നും പീഡനപർവത്തിലാണ്. ഇതിൽ പ്രധാനിയാണ് സസ്പെൻഷനിലുള്ള ദേവികുളം റേഞ്ച് ഓഫീസർ വി. കെ. ഫ്രാൻസിസ്.

മതികെട്ടാൻ പ്രശ്നത്തിൽ വനംവകുപ്പിന്റേയും മന്ത്രിയുടേയും പ്രശംസ പിടിച്ചുപറ്റിയ ഉദ്യോഗസ്ഥനാണ് വി. കെ. ഫ്രൻസിസ്. രാഷ്ട്രീയ സ്വാധീനമുള്ള കൈയേറ്റക്കാരിൽ നിന്ന് ഭീഷണിയുണ്ടായപ്പോൾ ആത്മരക്ഷക്ക് റിവോൾവറും അനുവദിക്കുകയുണ്ടായി. വനംമന്ത്രിയും മറ്റും ഫ്രാൻസിസിനെ വേദികൾ തോറും വാഴ്ത്തി. ഇതൊക്കെ നാണയത്തിന്റെ ഒരു വശം മാത്രമായിരുന്നു.

ഫ്രാൻസിസന്റേയും മറ്റും നടപടി മൂലം കൂടുതൽ കൈയേറ്റത്തിന് അവസരം നഷ്ടപ്പെട്ടുകയും കൈയേറിയ ഭൂമി തന്നെ വിട്ടുകൊടുക്കേണ്ടിയും വന്ന സംഘം ഇതിലേറെ ശക്തമായിരുന്നു. രാഷ്ട്രീയ നേതൃത്വത്തിന്റെ ശക്തമായ പിന്തുണ ഈ വിഭാഗത്തിനായിരുന്നു. മന്ത്രിസഭയിലെ ഭിന്നചേരികളും കൈയേറ്റക്കാരുടെ താല്പര്യങ്ങൾക്കൊപ്പം അണിനിരന്നു. അതോടെ വനംമന്ത്രിയുടെ ചേരിക്ക് ശക്തി കുറഞ്ഞു. തുടക്കത്തിൽ സുധാകരന് മാനസിക പിന്തുണ നൽകിയ മുഖ്യമന്ത്രിയും അല്പാല്പമായി വിൻവാങ്ങി.

ഇതിനിടെ വനംമാഫിയക്ക് പ്ര

ശേഷം പേജ് 5

# വി.കെ.ഫ്രാൻസിസ് മതികെട്ടാനിന്റെ ഇര

1-ാം പേജ് തുടർച്ച

തീക്ഷിക്കാത്ത തരത്തിലുള്ള പിന്തുണ ആദിവാസി ഗോത്രസഭാനേതാവ് ജാനുവിൽ നിന്നുണ്ടായി. കേരളത്തിൽ ഉടനീളം നടത്തിയ പത്രസമ്മേളനങ്ങളിൽ ജാനു ആക്രമിച്ചത് വി. കെ. ഫ്രൻസിസ് എന്ന റേഞ്ച് ഓഫീസറെ ആയിരുന്നു. തങ്ങളെ മുന്നിൽ നിർത്തി വനംമാഫിയ നടത്തിയ കൈയേറ്റം ജാനു കണ്ടില്ലെന്നു നടിച്ചു.

ഫ്രാൻസിസ് ഒരു ആദിവാസി വിരുദ്ധനാണെന്നായിരുന്നു ജാനുവിന്റെ വാദം. എന്നാൽ കേരളത്തിലെ അത്യപൂർവ്വ ചോലവനം സംരക്ഷിക്കുന്നതിനാണ് ഈ റേഞ്ച് ഓഫീസർ നടപടി സ്വീകരിച്ചെന്ന വാദമൊന്നും ജാനുവിനേയും ഗീതാനന്ദനേയും തൃപ്തരാക്കിയില്ല. അവർ വ്യാപകമായ എതിർപ്രചാരണം തുടർന്നു. ഇതിൽ നിഗൂഢമായി ആനന്ദിച്ചത് വനംമാഫിയ ആയിരുന്നു. ജാനുവിന്റെ വാദങ്ങൾ നിരത്തി രാഷ്ട്രീയ പിൻബലമുള്ള വനംമാഫിയ വില പേശി. എന്തായാലും നടപ്പാക്കപ്പെട്ടത് വനംമാഫിയയുടെ അജണ്ടയാണ്.

സർക്കാർ മതികെട്ടാൻ കൈയേമ്പത്തെ കുറിച്ച് അന്വേഷിക്കാൻ നിയോഗിച്ചത് ചീഫ് സെക്രട്ടറിയാകാൻ ഊഴം കാത്തിരുന്ന അന്നത്തെ അഡീഷണൽ ചീഫ് സെക്രട്ടറി എൻ. ചന്ദ്രശേഖരൻ നായരെയായിരുന്നു. മതികെട്ടാനിലെത്തിയ സംഘം തെളിവെടുപ്പാരംഭിച്ചു. കൈയേറ്റക്കാർ ഹാജരാക്കിയ രേഖകൾ സംഘം പരിശോധിച്ചു. മിക്ക രേഖകളും വ്യാജമാണെന്ന് കണ്ടെത്തി. മരംമുറി സംബന്ധിച്ച് വനംവകുപ്പ് എടുത്ത കേസുകളുടെ വിശദാംശങ്ങൾ കമ്മീഷൻ മുമ്പാകെ ഹാജരാക്കി. വനം ഉദ്യോഗസ്ഥർ കേസെടുക്കുന്ന മരംമുറികളേക്കാൾ അധികമായി ഒന്നും കണ്ടെത്താൻ കമ്മീഷന് കഴിഞ്ഞിരുന്നില്ല.

എങ്കിലും കമ്മീഷന്റെ കണ്ടെത്തലുകളും തുടർന്നുള്ള നടപടികളും പ്രമോഷൻ കാത്ത് കഴിയുന്ന ഉദ്യോഗസ്ഥർക്ക് യോജിച്ചതുതന്നെയായിരുന്നു. വ്യാജരേഖകൾ തയ്യാറാക്കി നൽകിയ റവന്യൂ ഉദ്യോഗസ്ഥർക്കൊപ്പം വനം ഉദ്യോഗസ്ഥർക്കും വല്ല്യ പങ്കാളിത്തം ചാർത്തി കൊടുത്തു. കൈയേമ്പത്തെ കുറിച്ച് അറിവുണ്ടായിരുന്നുവെന്ന് കാണിച്ച് ഫ്രാൻസിസിനും മറ്റും സസ്പെൻഷൻ നൽകി. വ്യാജരേഖകൾ ഹാജരാക്കിയവർ ഒരു പോറൽ പോലും ഏൽക്കാതെ ഇപ്പോഴും വിലസുന്നു.

2000 ജൂൺ മൂന്നിനാണ് ദേവികളം റേഞ്ച് ഓഫീസറായി ചുമതലയേറ്റ ഫ്രാൻസിസിന്റെ ആദ്യയാത്ര മതികെട്ടാനിലേക്കായിരുന്നു. കൈയേറ്റം സംഭവിച്ച് അന്നുമുതൽക്കേ എഴുത്തുകുത്തുകൾ സർക്കാരിലേക്ക് നടത്തി. കേരള വനംനിയമത്തിലെ നാലും വകുപ്പ് പ്രകാരം മതികെട്ടാനെ റിസർവ് വനമായി പ്രഖ്യാപിക്കണമെന്ന ശുപാർശയും ഫ്രാൻസിസ് സർക്കാരിലേക്ക് അയക്കുകയുണ്ടായി. ചുരുങ്ങിയത് മുപ്പത് തവണയെങ്കിലും കൈയേറ്റത്തെ കുറിച്ച് സർക്കാരിലേക്ക് കത്തുകളയച്ച ഫ്രാൻസിസിനേയാണ് വനംകൈയേറ്റത്തെ കുറിച്ച് അറിവുണ്ടായിരുന്നു എന്ന് കാണിച്ച് സസ്പെന്റ് ചെയ്തത്. വനംമാഫിയയുടെ താല്പര്യങ്ങൾക്ക് കൂട്ടുനിൽക്കാത്ത ഉദ്യോഗസ്ഥനെ ക്രൂശിക്കുക എന്ന ലക്ഷ്യമാണ് ഇവിടെ സ്വീകരിച്ചത്.

സർക്കാരിന്റെ സസ്പെൻഷൻ അടിസ്ഥാനമില്ലാത്തതാണെന്ന് തെളിയുമെന്ന് സർക്കാരിന് തന്നെ ഉറപ്പുണ്ടായിരുന്നു. ഈ ഘട്ടത്തിൽ വീണ്ടും ഗൂഢാലോചന നടന്നു. അതിന്റെ പരിണതഫലമായിരുന്നു വിജിലൻസ് കേസ്. പ്രതിപട്ടികയിൽ ഫ്രാൻസിസിനേയും ഉൾപ്പെടുത്തി. മുമ്പ് ഒരുഘട്ടത്തിലും പരാമർശിക്കാത്ത വിജിലൻസ് കേസ് പെട്ടന്ന് ഉയർന്ന് വരികയായിരുന്നു. ഫ്രാൻസിസ് അടക്കമുള്ളവരുടെ മൊഴിയും എടുക്കുകയുണ്ടായില്ല.

കാർഡമം ഹിൽ റിസർവിലെ ഇരട്ട നിയന്ത്രണമുള്ള ഭൂമിയിലെ കൈയേമ്പത്തിന്റെ തുല്യപങ്കാളിത്തം മരങ്ങളുടെ സംരക്ഷണചുമതല മാത്രമുള്ള വനംവകുപ്പിന്റെ ഉദ്യോഗസ്ഥർക്കും ചാർത്തികൊടുക്കുന്നത് വനംമാഫിയയുടെ താല്പര്യപ്രകാരമായിരുന്നു എന്ന് വ്യക്തം. മരംമുറിക്കു മാത്രമേ വനംവകുപ്പുദ്യോഗസ്ഥന് നടപടിയെടുക്കാനാകൂ. അതിൽ വീഴ്ച വരുത്തിയതായി ആക്ഷേപമില്ല. ഫ്രാൻസിസ് റേഞ്ച് ഓഫീസറായിരുന്ന കാലഘട്ടത്തിൽ മാത്രം 24 മരംമുറി കേസുകൾ റജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിനുമപ്പുറം മരംമുറി നടന്നതായി ആരും കണ്ടെത്തിയിട്ടുമില്ല.

കാട് (വനം) സംരക്ഷിക്കാൻ ഇറങ്ങിപ്പുറപ്പെട്ടുവെന്ന ഒരു തെറ്റമാത്രമാണ് പ്രാൻസിസും സഹപ്രവർത്തകരും ചെയ്തത്. അതിന്റെ പേരിൽ ജോലിയിൽ നിന്ന് മാറിനിൽക്കേണ്ടിവരുന്ന അവർക്ക് വേണ്ടി വാദിക്കാൻ ആരുമില്ല. ഈ സാഹചര്യത്തിൽ വനം എങ്ങനെ സംരക്ഷിക്കപ്പെടും?

ക്രൂശിതനായ ഫ്രാൻസിസിന് എന്നാണ് മോചനം? യു. ഡി. എഫ് സർക്കാരിന്റെ അന്വേഷണകാലാവധിയായ മൂന്നു വർഷവും കാക്കേണ്ടിവരുമോ?

## പരിസ്ഥിതി–ക്വിസ് മത്സരം

തൃശ്ശൂർ: സുസ്ഥിരവികസനവും പരിസ്ഥിതിയും എന്ന സെമിനാറിന്റെ ഭാഗമായി പി.ജി. സെന്റർ, നേച്വർ ക്ലബ്ബ് പാരലൽ കോളേജുകളിലെ ബിരുദ/ബിരുദാനന്തര വിദ്യാർത്ഥികൾക്കായി ഭോപ്പാൽ ദിനത്തിൽ (ഡിസംബർ 3) പരിസ്ഥിതി ക്വിസ് മത്സരം നടത്തുന്നു. സാഹിത്യ അക്കാദമി ഹാളിലാണ് മത്സരം. ഒരു കോളേജിൽ നിന്ന് രണ്ട് പേരടങ്ങുന്ന ഒരു ടീമിന് പങ്കെടുക്കാവുന്നതാണ്. പ്രവേശനഫീസ് ഉണ്ടായിരിക്കുന്നതല്ല. സമ്മാനർഹർക്ക് ക്യാഷ് അവാർഡുകളും സർട്ടിഫിക്കറ്റും ഉണ്ടായിരിക്കും. പങ്കെടുക്കുന്ന ടീമുകൾ പഠിക്കുന്ന കോളേജിൽ നിന്നുള്ള സാക്ഷ്യപത്രവും ഹാജരാക്കേണ്ടതാണ്. നവംബർ 27ന് മുമ്പായി പ്രിൻസിപ്പൽ, പി.ജി. സെന്റർ, തൃശ്ശൂർ-20 എന്ന വിലാസത്തിലോ ഫോൺ വഴിയോ (ഫോൺ: 0487-338983/331714) രജിസ്റ്റർ ചെയ്യുക.